(ഡി) ഉണ്ട്.

(ഇ) അഞ്ച് പെൺവാണിഭ കേസുകളിലും 7173 സ്ത്രീപീഡന കേസുകളിലും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്ത്രീകൾക്ക് നേരെയുണ്ടായിട്ടുള്ള അതിക്രമങ്ങൾ

120 (779) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കേരളത്തിൽ സ്ത്രീകൾക്കു നേരെയുണ്ടായിട്ടുള്ള അതിക്രമങ്ങളുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ബലാൽസംഗം, സ്ത്രീധന മരണം, മറ്റ് തരത്തിലുള്ള പീഡനങ്ങൾ, ഗാർഹിക പീഡനം, ജോലിസ്ഥലത്തുള്ള പീഡനം, വിദ്യാർത്ഥിനികൾക്ക് നേരെ നടന്നിട്ടുള്ള അതിക്രമങ്ങൾ എന്നിങ്ങനെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) പോലീസുദ്യോഗസ്ഥരും സർക്കാരാഫീസുകളിലെ മറ്റേതെങ്കിലും വിഭാഗത്തിലുള്ളവരും ഉൾപ്പെടെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ഡി) ഇങ്ങനെ ലഭിച്ച പരാതികളിൽ എത്രയെണ്ണം കോടതികളിൽ എത്തിക്കുകയും പ്രതികൾക്ക് ശിക്ഷ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) 34,787 കേസുകൾ.

(ബി)

ബലാൽസംഗം	–	2517
സ്ത്രീധന മരണം	–	208
മറ്റ് തരത്തിലുള്ള പീഡനങ്ങൾ	–	24044
ഗാർഹിക പീഡനം	–	7881
ജോലി സ്ഥലത്തുള്ള പീഡനം	–	18
വിദ്യാർത്ഥിനികൾക്ക് നേരെയുള്ള അതിക്രമം	–	119

(സി)

പോലീസുദ്യോഗസ്ഥൻമാർ ഉൾപ്പെട്ട പരാതി	–	107
മറ്റ് വിഭാഗത്തിൽപ്പെട്ടവർ	–	115
റെയിൽവേ ഗാർഡിനെതിരെ പരാതി	–	1
'16' സി.ആർ.പി.എഫ്. ജീവനക്കാർക്കെതിരെപരാതി	–	1

(ഡി) 137 കേസുകൾ കോടതിയിൽ ചാർജ് ചെയ്തു. ഇതിൽ '2' കേസുകൾ ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly